## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 402** **28.06.2012- ൽ മറുപടിക്ക്**

### കാര്യക്ഷമമായതും സമയബന്ധിതവുമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. എം.എ വാഹീദ് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് പ്രകൃതിദുരന്തം ഉണ്ടായാൽ ആദ്യമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വിവിധ വകുപ്പുകളെയും ഏജൻസികളെയും ഒത്തൊരുമിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (എസ്.ഡി.എം.എ) നിലവിലുണ്ട്. പ്രകൃതിക്ഷോഭ നിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വിവിധ വകുപ്പുകൾ അവരവരുടെ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മൺസൂൺ സീസൺ ആരംഭിക്കുന്നതിനു മുമ്പ് തന്നെ സർക്കാർ തലത്തിൽ വകുപ്പ് തലവന്മാരുടെ യോഗം വിളിച്ചു ചേർത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>കൂടാതെ ജില്ലകളിൽ 24 മണിക്കൂറും കൺട്രോൾറൂം പ്രവർത്തിക്കുന്നു. എല്ലാ ജില്ലകളിലും തീരദേശ വില്ലേജുകളിലും താലൂക്ക് ആഫീസുകളിലും സ്ഥാപിച്ചിട്ടുള്ള ഏർളി വാർണിംഗ് സിസ്റ്റം ദുരന്ത സാദ്ധ്യതാ സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും അപകട സാഹചര്യങ്ങളിൽ നിന്നും അവരെ മാറ്റിനിർത്തുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. മൺസൂൺകാല വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി പ്രത്യേക 'സർച്ച് ആന്റ് സേഫ്റ്റി' ഉപകരണങ്ങൾ ഫയർഫോഴ്സിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിര സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ക്യാമ്പുകളിൽ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ദുരിതാശ്വാസ ധനസഹായം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) | ദുരിതാശ്വാസ ധനസഹായം കാലതാമസം കൂടാതെ ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് വകുപ്പ് തലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ